**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 247** **27-06-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നാളിതുവരെ കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് 2022 ജൂൺ 20 വരെ ആകെ 69,897 പേർ (ദിനംപ്രതിയുള്ള റിപ്പോർട്ടിംഗിലൂടെയുള്ളതും അപ്പീൽ മുഖേന ഉൾപ്പെടുത്തിയതും ചേർത്ത്) കോവിഡ് ബാധിച്ച് മരണപ്പെട്ടിട്ടുണ്ട്. |
| (ബി) | കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് കേന്ദ്രസംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചിട്ടുള്ളത്; ഇതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന ആനുകൂല്യങ്ങൾ തരംതിരിച്ച് അറിയിക്കുമോ; | (ബി) | കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകി വരുന്ന ആനുകൂല്യങ്ങൾ ചുവടെ കൊടുക്കുന്നു.<br><br>**<u>കേന്ദ്ര സർക്കാർ ആനുകൂല്യങ്ങൾ</u>**<br><br>ബഹു. സുപ്രീം കോടതിയുടെയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 50,000/- രൂപ (അൻപതിനായിരം രൂപ) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കോവിഡ് എക്സ് ഗ്രേഷ്യാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.<br><br>കോവിഡ് ബാധിച്ച് മരണപ്പെടുന്ന ആരോഗ്യ പ്രവർത്തകർക്ക് പ്രധാൻ മന്ത്രി ഗരീബ് കല്യാൺ പാക്കേജ് (PMGKP) എന്ന ഇൻഷുറൻസ് പരിരക്ഷ നിലവിലുണ്ട്.<br><br>കേന്ദ്ര സർക്കാരിന്റെ പിഎം കെയർസ് പദ്ധതിയിലൂടെ കോവിഡ് ബാധിച്ച് മാതാപിതാക്കൾ രണ്ടുപേരും മരണപ്പെട്ട 18 വയസ്സു വരെയുള്ള കുട്ടികൾക്ക് 10 ലക്ഷം രൂപ 23 വയസ്സാകുമ്പോൾ ലഭിക്കുന്ന വിധത്തിൽ പോസ്റ്റോഫീസ് അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. കൂടാതെ CPS (Child Protection Services) സ്കീമിലൂടെ മാസം തോറും 2000/- രൂപ (രണ്ടായിരം രൂപ) വീതം ടി കുട്ടികൾക്ക് 18 വയസ്സുവരെ വ്യക്തിഗത അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. സ്കൂൾ വിദ്യാഭ്യാസ സഹായം, ബോർഡിംഗ് താമസ സൗകര്യങ്ങൾ, ആരോഗ്യ |

| | | | |
|---|---|---|---|
| | | | ഇൻഷ്വറൻസ് എന്നിവ കൂടി ആവശ്യ ഘട്ടങ്ങളിൽ അനുവദിക്കുന്നുണ്ട്.<br><br>**സംസ്ഥാന സർക്കാർ ആനുകൂല്യങ്ങൾ**<br><br>കോവിഡ് -19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന BPL കുടുംബങ്ങളിൽപ്പെട്ടവർക്ക് പ്രതിമാസം 5000/- രൂപ (അയ്യായിരം രൂപ) വീതം 36 മാസത്തേക്ക് നൽകി വരുന്നു.<br><br>കോവിഡ് ബാധിച്ച് മാതാപിതാക്കൾ രണ്ടുപേരും മരണപ്പെട്ട കുട്ടികൾക്കും അതോടൊപ്പം നേരത്തെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ശേഷിച്ച ആൾ ഇപ്പോൾ കോവിഡ് മൂലം മരണപ്പെടുകയും ചെയ്ത കുട്ടികൾക്കും വനിതാ ശിശു വികസന വകുപ്പിന്റെ ഫണ്ടിൽ നിന്നും 2000/- രൂപ (രണ്ടായിരം രൂപ) വീതം കുട്ടിയ്ക്ക് 18 വയസ്സ് ആകുന്നതുവരെ കുട്ടിയുടെയും ഇപ്പോഴത്തെ രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേയ്ക്ക് മാസം തോറും നിക്ഷേപിക്കുന്നു. കൂടാതെ അപ്രകാരം അനാഥരാക്കപ്പെട്ട കുട്ടികളുടെ പേരിൽ 3 ലക്ഷം രൂപയുടെ സ്ഥിര നിക്ഷേപവും നൽകി വരുന്നു. കുട്ടികളുടെ ബിരുദതലം വരെയുള്ള പഠനചെലവുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആവശ്യപ്പെടുന്ന പക്ഷം അനുവദിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്ത് കോവിഡ് ബാധിച്ച മരണപ്പെട്ട എത്ര ആളുകളുടെ കുടുംബാംഗങ്ങൾക്കാണ് നാളിതുവരെ വരെ ഈ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | ഇത് സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ഡി) | ഇനി എത്ര പേർക്കാണ് ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനുള്ളത്; ഇവർക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായതിനുള്ള കാരണം വ്യക്തമാക്കുമോ? | (ഡി) | ഇത് സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## 1. 50,000/- രൂപ എക്സ് ഗ്രേഷ്യാ ധനസഹായം

| ക്രമ നം. | ജില്ല | അനുവദിച്ചത് | ലഭ്യമാക്കാനുള്ളത് | കാലതാമസം നേരിടുന്നതിനുള്ള കാരണം |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 7664 | 40 | 1) Zero balance അക്കൗണ്ട് വിവരങ്ങൾ നൽകിയത്.<br>2) Dead Account വിവരങ്ങൾ നൽകിയത്.<br>3) IFSC തെറ്റായി രേഖപ്പെടുത്തിയത്.<br>4) ആവശ്യമായ രേഖകൾ സമർപ്പിക്കാത്തത്.<br>5) അവകാശികൾ തമ്മിൽ തർക്കം നിലനിൽക്കുന്നത്.<br>6) ആത്മഹത്യ ചെയ്തവർക്ക് / അപകട മരണം സംഭവിച്ചവർക്ക് പോസ്റ്റ് മോർട്ടത്തിന്റെ ഭാഗമായുള്ള സ്രവപരിശോധനയിലാണ് കോവിഡ് സ്ഥിതീകരിക്കുന്നതെങ്കിൽ നിലവിൽ തുക അനുവദിക്കുന്നില്ല.<br>7) ചികിത്സയിൽ തുടരുന്ന വ്യക്തിക്ക് കോവിഡ്, ലാബ് പരിശോധനയിൽ ഉറപ്പായതിനു ശേഷം 1 മാസം കഴിഞ്ഞ് മരണം സംഭവിച്ചാൽ നിലവിൽ തുക അനുവദിക്കുന്നില്ല.<br>8)അന്യസംസ്ഥാനങ്ങളിൽ മരണപ്പെട്ടവർക്ക് അതാത് സംസ്ഥാനങ്ങളിലെ ജില്ലാ കളക്ടറേറ്റിൽ നിന്നും |
| 2. | കൊല്ലം | 6102 | 117 | |
| 3 | പത്തനംതിട്ട | 2290 | 83 | |
| 4. | ആലപ്പുഴ | 4691 | 43 | |
| 5. | കോട്ടയം | 4324 | 24 | |
| 6. | ഇടുക്കി | 1401 | 26 | |
| 7. | എറണാകുളം | 6965 | 149 | |
| 8. | തൃശ്ശൂർ | 6622 | 434 | |
| 9. | പാലക്കാട് | 5365 | 112 | |
| 10. | മലപ്പുറം | 5706 | 369 | |
| 11. | കോഴിക്കോട് | 5671 | 254 | |
| 12. | വയനാട് | 871 | 10 | |
| 13. | കണ്ണൂർ | 4311 | 38 | |
| 14. | കാസർഗോഡ് | 1479 | 13 | |
| | **ആകെ** | **63,462** | **1,712** | |

| | | | | |
|---|---|---|---|---|
| | | | | ധനസഹായം ലഭിച്ചില്ല എന്നുള്ള സാക്ഷ്യപത്രം ലഭിക്കുന്നതിന് വളരെയധികം കാലതാമസം നേരിടുന്നു.<br><br>മേൽ അപാകതകൾ പരിഹരിച്ച് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

## 2. പ്രധാൻ മന്ത്രി ഗരീബ് കല്യാൺ പാക്കേജ്

| ക്രമ നം. | ജില്ല | അനുവദിച്ചത് | ലഭ്യമാക്കാനുള്ളത് | കാലതാമസം നേരിടുന്നതിനുള്ള കാരണം |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 8 | 16 | അപേക്ഷയിലെ ന്യൂനതകൾ, അവ്യക്തതകൾ, തെറ്റുകൾ എന്നിവ മൂലമാണ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ താമസം നേരിടുന്നത്. ആയത് പരിഹരിച്ച് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| 2. | കൊല്ലം | 1 | | |
| 3 | പത്തനംതിട്ട | 0 | | |
| 4. | ആലപ്പുഴ | 1 | | |
| 5. | കോട്ടയം | 1 | | |
| 6. | ഇടുക്കി | 0 | | |
| 7. | എറണാകുളം | 5 | | |
| 8. | തൃശ്ശൂർ | 10 | | |
| 9. | പാലക്കാട് | 3 | | |
| 10. | മലപ്പുറം | 5 | | |
| 11. | കോഴിക്കോട് | 2 | | |
| 12. | വയനാട് | 1 | | |
| 13. | കണ്ണൂർ | 1 | | |
| 14. | കാസർഗോഡ് | 1 | | |
| | **ആകെ** | **39** | | |

## 3. PM Cares പദ്ധതിയിലൂടെ നൽകി വരുന്ന ധനസഹായം

| ക്രമ നം. | ജില്ല | അനുവദിച്ചത് | ലഭ്യമാക്കാനുള്ളത് |
|---|---|---|---|
| 1. | തിരുവനന്തപുരം | 11 | NIL (പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികൾക്ക് ഗൈഡ് ലൈൻ പ്രകാരമുള്ള തുക കേന്ദ്ര സർക്കാർ നേരിട്ട് കുട്ടിയുടെയും ജില്ലാ കളക്ടറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്) |
| 2. | കൊല്ലം | 7 | |
| 3 | പത്തനംതിട്ട | 3 | |
| 4. | ആലപ്പുഴ | 8 | |
| 5. | കോട്ടയം | 9 | |
| 6. | ഇടുക്കി | 4 | |
| 7. | എറണാകുളം | 9 | |
| 8. | തൃശ്ശൂർ | 13 | |
| 9. | പാലക്കാട് | 11 | |
| 10. | മലപ്പുറം | 11 | |
| 11. | കോഴിക്കോട് | 5 | |
| 12. | വയനാട് | 2 | |
| 13. | കണ്ണൂർ | 10 | |
| 14. | കാസർഗോഡ് | 9 | |
| | **ആകെ** | **112** | |

## 4. CPS Scheme വഴി നൽകി വരുന്ന ധനസഹായം

| ക്രമ നം. | ജില്ല | അനുവദിച്ചത് | ലഭ്യമാക്കാനുള്ളത് |
|---|---|---|---|
| 1. | തിരുവനന്തപുരം | 7 | NIL (പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ കുട്ടികൾക്കും തുക അനുവദിച്ചിട്ടുണ്ട്) |
| 2. | കൊല്ലം | 7 | |
| 3 | പത്തനംതിട്ട | 3 | |
| 4. | ആലപ്പുഴ | 8 | |
| 5. | കോട്ടയം | 8 | |
| 6. | ഇടുക്കി | 3 | |
| 7. | എറണാകുളം | 8 | |

| | | | |
|---|---|---|---|
| 8. | തൃശ്ശൂർ | 12 | |
| 9. | പാലക്കാട് | 11 | |
| 10. | മലപ്പുറം | 11 | |
| 11. | കോഴിക്കോട് | 2 | |
| 12. | വയനാട് | 3 | |
| 13. | കണ്ണൂർ | 10 | |
| 14. | കാസർഗോഡ് | 8 | |
| | **ആകെ** | **101** | |

## 5. BPL വിഭാഗക്കാർക്കായുള്ള 5,000/- രൂപ ധനസഹായം

| ക്രമ നമ്പർ | ജില്ല | അനുവദിച്ചത് | ലഭ്യമാക്കാനുള്ളത് |
|---|---|---|---|
| 1. | തിരുവനന്തപുരം | 423 | NIL (ലഭ്യമായ എല്ലാ അപേക്ഷകൾക്കും തുക അനുവദിച്ചിട്ടുണ്ട്) |
| 2. | കൊല്ലം | 22 | |
| 3 | പത്തനംതിട്ട | 36 | |
| 4. | ആലപ്പുഴ | 591 | |
| 5. | കോട്ടയം | 320 | |
| 6. | ഇടുക്കി | 280 | |
| 7. | എറണാകുളം | 20 | |
| 8. | തൃശ്ശൂർ | 173 | |
| 9. | പാലക്കാട് | 789 | |
| 10. | മലപ്പുറം | 312 | |
| 11. | കോഴിക്കോട് | 1,002 | |
| 12. | വയനാട് | 153 | |
| 13. | കണ്ണൂർ | 70 | |
| 14. | കാസർഗോഡ് | 53 | |
| | **ആകെ** | **4,244** | |

6. വനിതാ ശിശു വികസന വകുപ്പിൽ നിന്നുള്ള 2,000/- രൂപ ധനസഹായം

| ക്രമ നം. | ജില്ല | അനുവദിച്ചത് | ലഭ്യമാക്കാനുള്ളത് | കാലതാമസം നേരിടുന്നതിനുള്ള കാരണം |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 21 | 3 | 2022 മാർച്ച് മാസത്തിൽ ലഭിച്ച 3 അപേക്ഷകൾക്കുള്ള ധനസഹായം നടപ്പ സാമ്പത്തിക വർഷം ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്. |
| 2. | കൊല്ലം | 11 | | |
| 3 | പത്തനംതിട്ട | 3 | | |
| 4. | ആലപ്പുഴ | 12 | | |
| 5. | കോട്ടയം | 10 | | |
| 6. | ഇടുക്കി | 6 | | |
| 7. | എറണാകുളം | 8 | | |
| 8. | തൃശ്ശൂർ | 17 | | |
| 9. | പാലക്കാട് | 11 | | |
| 10. | മലപ്പുറം | 11 | | |
| 11. | കോഴിക്കോട് | 5 | | |
| 12. | വയനാട് | 2 | | |
| 13. | കണ്ണൂർ | 10 | | |
| 14. | കാസർഗോഡ് | 9 | | |
| | ആകെ | 136 | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

## 1. 50,000/- രൂപ എക്സ് ഗ്രേഷ്യാ ധനസഹായം

| ക്രമ നം. | ജില്ല | അനുവദിച്ചത് | ലഭ്യമാക്കാനുള്ളത് | കാലതാമസം നേരിടുന്നതിനുള്ള കാരണം |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 7664 | 40 | 1) Zero balance അക്കൗണ്ട് വിവരങ്ങൾ നൽകിയത്. 2) Dead Account വിവരങ്ങൾ നൽകിയത്. 3) IFSC തെറ്റായി രേഖപ്പെടുത്തിയത്. 4) ആവശ്യമായ രേഖകൾ സമർപ്പിക്കാത്തത്. 5) അവകാശികൾ തമ്മിൽ തർക്കം നിലനിൽക്കുന്നത്. 6) ആത്മഹത്യ ചെയ്തവർക്ക് / അപകട മരണം സംഭവിച്ചവർക്ക് പോസ്റ്റ് മോർട്ടത്തിന്റെ ഭാഗമായുള്ള സ്രവപരിശോധനയിലാണ് കോവിഡ് സ്ഥിതീകരിക്കുന്നതെങ്കിൽ നിലവിൽ തുക അനുവദിക്കുന്നില്ല. 7) ചികിത്സയിൽ തുടരുന്ന വ്യക്തിക്ക് കോവിഡ്, ലാബ് പരിശോധനയിൽ ഉറപ്പായതിനു ശേഷം 1 മാസം കഴിഞ്ഞ് മരണം സംഭവിച്ചാൽ നിലവിൽ തുക അനുവദിക്കുന്നില്ല. 8)അന്യസംസ്ഥാനങ്ങളിൽ മരണപ്പെട്ടവർക്ക് അതാത് സംസ്ഥാനങ്ങളിലെ ജില്ലാ കളക്ടറേറ്റിൽ നിന്നും |
| 2. | കൊല്ലം | 6102 | 117 | |
| 3 | പത്തനംതിട്ട | 2290 | 83 | |
| 4. | ആലപ്പുഴ | 4691 | 43 | |
| 5. | കോട്ടയം | 4324 | 24 | |
| 6. | ഇടുക്കി | 1401 | 26 | |
| 7. | എറണാകുളം | 6965 | 149 | |
| 8. | തൃശ്ശൂർ | 6622 | 434 | |
| 9. | പാലക്കാട് | 5365 | 112 | |
| 10. | മലപ്പുറം | 5706 | 369 | |
| 11. | കോഴിക്കോട് | 5671 | 254 | |
| 12. | വയനാട് | 871 | 10 | |
| 13. | കണ്ണൂർ | 4311 | 38 | |
| 14. | കാസർഗോഡ് | 1479 | 13 | |
| | **ആകെ** | **63,462** | **1,712** | |

| | | | | |
|---|---|---|---|---|
| | | | | ധനസഹായം ലഭിച്ചില്ല എന്നുള്ള സാക്ഷ്യപത്രം ലഭിക്കുന്നതിന് വളരെയധികം കാലതാമസം നേരിടുന്നു.<br><br>മേൽ അപാകതകൾ പരിഹരിച്ച് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

## 2. പ്രധാൻ മന്ത്രി ഗരീബ് കല്യാൺ പാക്കേജ്

| ക്രമ നം. | ജില്ല | അനുവദിച്ചത് | ലഭ്യമാക്കാനുള്ളത് | കാലതാമസം നേരിടുന്നതിനുള്ള കാരണം |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 8 | 16 | അപേക്ഷയിലെ ന്യൂനതകൾ, അവ്യക്തതകൾ, തെറ്റുകൾ എന്നിവ മൂലമാണ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ താമസം നേരിടുന്നത്. ആയത് പരിഹരിച്ച് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| 2. | കൊല്ലം | 1 | | |
| 3 | പത്തനംതിട്ട | 0 | | |
| 4. | ആലപ്പുഴ | 1 | | |
| 5. | കോട്ടയം | 1 | | |
| 6. | ഇടുക്കി | 0 | | |
| 7. | എറണാകുളം | 5 | | |
| 8. | തൃശ്ശൂർ | 10 | | |
| 9. | പാലക്കാട് | 3 | | |
| 10. | മലപ്പുറം | 5 | | |
| 11. | കോഴിക്കോട് | 2 | | |
| 12. | വയനാട് | 1 | | |
| 13. | കണ്ണൂർ | 1 | | |
| 14. | കാസർഗോഡ് | 1 | | |
| | **ആകെ** | **39** | | |

**3. PM Cares പദ്ധതിയിലൂടെ നൽകി വരുന്ന ധനസഹായം**

| ക്രമ നം. | ജില്ല | അനുവദിച്ചത് | ലഭ്യമാക്കാനുള്ളത് |
|---|---|---|---|
| 1. | തിരുവനന്തപുരം | 11 | NIL<br>(പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികൾക്ക് ഗൈഡ് ലൈൻ പ്രകാരമുള്ള തുക കേന്ദ്ര സർക്കാർ നേരിട്ട് കുട്ടിയുടെയും ജില്ലാ കളക്ടറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്) |
| 2. | കൊല്ലം | 7 | |
| 3 | പത്തനംതിട്ട | 3 | |
| 4. | ആലപ്പുഴ | 8 | |
| 5. | കോട്ടയം | 9 | |
| 6. | ഇടുക്കി | 4 | |
| 7. | എറണാകുളം | 9 | |
| 8. | തൃശ്ശൂർ | 13 | |
| 9. | പാലക്കാട് | 11 | |
| 10. | മലപ്പുറം | 11 | |
| 11. | കോഴിക്കോട് | 5 | |
| 12. | വയനാട് | 2 | |
| 13. | കണ്ണൂർ | 10 | |
| 14. | കാസർഗോഡ് | 9 | |
| | **ആകെ** | **112** | |

**4. CPS Scheme വഴി നൽകി വരുന്ന ധനസഹായം**

| ക്രമ നം. | ജില്ല | അനുവദിച്ചത് | ലഭ്യമാക്കാനുള്ളത് |
|---|---|---|---|
| 1. | തിരുവനന്തപുരം | 7 | NIL<br>(പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ കുട്ടികൾക്കും തുക അനുവദിച്ചിട്ടുണ്ട്) |
| 2. | കൊല്ലം | 7 | |
| 3 | പത്തനംതിട്ട | 3 | |
| 4. | ആലപ്പുഴ | 8 | |
| 5. | കോട്ടയം | 8 | |
| 6. | ഇടുക്കി | 3 | |
| 7. | എറണാകുളം | 8 | |

| | | | |
|---|---|---|---|
| 8. | തൃശ്ശൂർ | 12 | |
| 9. | പാലക്കാട് | 11 | |
| 10. | മലപ്പുറം | 11 | |
| 11. | കോഴിക്കോട് | 2 | |
| 12. | വയനാട് | 3 | |
| 13. | കണ്ണൂർ | 10 | |
| 14. | കാസർഗോഡ് | 8 | |
| | **ആകെ** | **101** | |

## 5. BPL വിഭാഗക്കാർക്കായുള്ള 5,000/- രൂപ ധനസഹായം

| ക്രമ നമ്പർ | ജില്ല | അനുവദിച്ചത് | ലഭ്യമാക്കാനുള്ളത് |
|---|---|---|---|
| 1. | തിരുവനന്തപുരം | 423 | NIL (ലഭ്യമായ എല്ലാ അപേക്ഷകൾക്കും തുക അനുവദിച്ചിട്ടുണ്ട്) |
| 2. | കൊല്ലം | 22 | |
| 3 | പത്തനംതിട്ട | 36 | |
| 4. | ആലപ്പുഴ | 591 | |
| 5. | കോട്ടയം | 320 | |
| 6. | ഇടുക്കി | 280 | |
| 7. | എറണാകുളം | 20 | |
| 8. | തൃശ്ശൂർ | 173 | |
| 9. | പാലക്കാട് | 789 | |
| 10. | മലപ്പുറം | 312 | |
| 11. | കോഴിക്കോട് | 1,002 | |
| 12. | വയനാട് | 153 | |
| 13. | കണ്ണൂർ | 70 | |
| 14. | കാസർഗോഡ് | 53 | |
| | **ആകെ** | **4,244** | |

## 6. വനിതാ ശിശു വികസന വകുപ്പിൽ നിന്നുള്ള 2,000/- രൂപ ധനസഹായം

| ക്രമ നം. | ജില്ല | അനുവദിച്ചത് | ലഭ്യമാക്കാനുള്ളത് | കാലതാമസം നേരിടുന്നതിനുള്ള കാരണം |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 21 | 3 | 2022 മാർച്ച് മാസത്തിൽ ലഭിച്ച 3 അപേക്ഷകൾക്കുള്ള ധനസഹായം നടപ്പ് സാമ്പത്തിക വർഷം ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്. |
| 2. | കൊല്ലം | 11 | | |
| 3 | പത്തനംതിട്ട | 3 | | |
| 4. | ആലപ്പുഴ | 12 | | |
| 5. | കോട്ടയം | 10 | | |
| 6. | ഇടുക്കി | 6 | | |
| 7. | എറണാകുളം | 8 | | |
| 8. | തൃശ്ശൂർ | 17 | | |
| 9. | പാലക്കാട് | 11 | | |
| 10. | മലപ്പുറം | 11 | | |
| 11. | കോഴിക്കോട് | 5 | | |
| 12. | വയനാട് | 2 | | |
| 13. | കണ്ണൂർ | 10 | | |
| 14. | കാസർഗോഡ് | 9 | | |
| | **ആകെ** | **136** | | |

സെക്ഷൻ ഓഫീസർ